**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3441** **11-03-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ക്യാബിൻ മോടി പിടിപ്പിക്കുന്നതിന് എത്ര രൂപ ചെലവായി എന്നും ആയതിന് ഏത് തീയതികളിലാണ് ഭരണാനുമതി, വർക്ക് ഓർഡർ എന്നിവ നൽകിയതെന്നും എപ്രകാരമാണ് ഏജൻസിയെ കണ്ടെത്തിയതെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (എ) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലെ ക്യാബിൻ ജോലികൾക്ക് 12,84,008/-(പന്ത്രണ്ട് ലക്ഷത്തി എൺപത്തി നാലായിരത്തി എട്ട്) രൂപയാണ് ചെലവായിട്ടുള്ളത്.<br><br>06.08.2024 തീയതിയിലെ സ.ഉ. (സാധാ) നം.712/2024/TAXES നമ്പർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലെ ക്യാബിൻ ജോലികൾക്ക് ആർട്ടിസാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (ARTCO) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും എന്നാൽ പ്രസ്തുത സ്ഥാപനത്തിന് സർക്കാരിന്റെ നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് 16 സബ് രജിസ്ട്രാർ ഓഫീസുകളുടെ ക്യാബിൻ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ക്യാബിൻ ജോലികൾ നിർവഹിക്കുന്നതിനായി SILK(Steel Industrials Kerala Limited) എന്ന സ്ഥാപനത്തിന് 09.08.2024 തീയതിയിൽ IGR/3175/2024/IT-2 നമ്പർ പ്രകാരം വർക്ക് ഓർഡർ നൽകുകയും, പ്രസ്തുത നടപടി 21.12.2024 തീയതിയിലെ സ.ഉ.(സാധാ) നം. 1142/2024/TAXES ഉത്തരവ് പ്രകാരം സാധൂകരണം നൽകുകയുമുണ്ടായി. |
| (ബി) | സർക്കാർ കെട്ടിടങ്ങളുടെ മോടി പിടിപ്പിക്കൽ സാമ്പത്തിക വ്യയ നിയന്ത്രണങ്ങളുടെ ഭാഗമായി തടഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കൃത്യമായ സർക്കാർ അനുമതിയില്ലാതെ രജിസ്ട്രേഷൻ ഐ.ജി.യുടെ ക്യാബിൻ മോടി പിടിപ്പിച്ചതിലെ അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ശിപാർശ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ബി) | രജിസ്ട്രേഷൻ വകുപ്പിന്റെ 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ 04/06/2024 തീയതിയിൽ സർക്കാരിൽ ലഭ്യമാവുകയും, തുടർന്ന് 14/06/2024-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വകുപ്പിന്റെ ആധുനിക വൽക്കരണത്തിന്റെ ഭാഗമായുള്ള Providing Basic Infrastructure in the offices, Modernisation of Record Rooms എന്നീ ഇനങ്ങൾക്കുള്ള വിശദമായ പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കാൻ ആവശ്യപ്പെട്ടുകയും 26/07/2024 തീയതിയിൽ എസ്റ്റിമേറ്റ് തുക ഉൾപ്പെടെയുള്ള വിശദമായ പ്രൊപ്പോസൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിക്കുകയും, തുടർന്ന് 06/08/2024 തീയതിയിലെ സ.ഉ.(സാധാ).712/2024/TAXES നമ്പരായി ഭരണാനുമതി ഉത്തരവ് നൽകുകയുണ്ടായി.<br><br>പ്രസ്തുത ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജോലികൾ നിർവഹിക്കുന്നതിനായി SILK(Steel Industrials Kerala Limited) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടി സാധൂകരണം നൽകി 21.12.2024 തീയതിയിലെ സ.ഉ.(സാധാ) നം. 1142/2024/TAXES നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ജോലികൾ നിർവഹിക്കുന്നതിനായി SILK(Steel Industrials Kerala Limited) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടി ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ സാധൂകരിച്ച സ്ഥിതിയ്ക്ക് ഈ വിഷയത്തിൽ മറ്റു നടപടികൾ സ്വീകരിക്കേണ്ട ആവശ്യകത ഉണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ